(ബി) ഇൻസെക്ടിസൈഡ്സ് ആക്ട് 1968-ലെ നിർദ്ദേശങ്ങൾക്ക് വിധേയമായിട്ടാണ് സംസ്ഥാനത്ത് കീടനാശിനി കാർഷികാവശ്യത്തിന് ഉപയോഗിക്കുന്നത്. കൂടാതെ സർക്കാർ ഉത്തരവ് (എംഎസ്.) നമ്പർ 22/2011/കൃഷി തീയതി 17-1-2011 പ്രകാരം കീടനാശിനികളുടെ വിതരണവും ഉപയോഗവും നിയന്ത്രിക്കുന്നതിനുള്ള വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. വീര്യംകൂടിയ മാരകമായ 14 ഇനം കീടനാശിനികളുടെ ഉപയോഗം 7-5-2011-ലെ ജി.ഒ. (എംഎസ്.) നമ്പർ 116/2011/കൃഷി ഉത്തരവ് പ്രകാരം സംസ്ഥാനത്ത് നിരോധിച്ചിട്ടുണ്ട്. ശുപാർശ ചെയ്തിട്ടുള്ള അളവിൽ മാത്രം കീടനാശിനി ഉപയോഗിക്കുന്നതിനും ജൈവിക കീടരോഗ നിയന്ത്രണ മാർഗ്ഗങ്ങൾ പരമാവധി ഉപയോഗിക്കുന്നതിനും കർഷകർക്ക് ബോധവത്കരണം നൽകുന്നുണ്ട്.

പച്ചക്കറി സംഭരണ സംവിധാനങ്ങൾ

15 (*135) ശ്രീ. വി. ചെന്താമരാക്ഷൻ :

ശ്രീ. വി. ശിവൻകുട്ടി :

ശ്രീ. പ്രദീപ്കുമാർ :

ശ്രീ. കെ. കഞ്ഞിരാമൻ (ഉദുമ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആഭ്യന്തരമായി ഉല്പാദിപ്പിക്കപ്പെടുന്ന പച്ചക്കറികൾ സംഭരിക്കുന്നതിന് നിലവിലുള്ള സംവിധാനങ്ങൾ എന്തൊക്കെയാണ്;

(ബി) സംഭരണ ശാലകളിൽ എത്തപ്പെടുന്ന പച്ചക്കറി മുഴുവനും സംഭരിക്കപ്പെടുന്നുണ്ടോ ; ഇല്ലെങ്കിൽ കാരണം അറിയിക്കാമോ ;

(സി) പച്ചക്കറി സംഭരിച്ച ഇനത്തിൽ കർഷകർക്ക് വിതരണം ചെയ്യേണ്ടുന്ന കുടിശ്ശിക തുകയെ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാണോ ;

(ഡി) ഈ മേഖലയിൽ പ്രവർത്തിക്കുന്ന സർക്കാർ ഉടമസ്ഥതയിലുള്ള ഏജൻസികൾ സ്വകാര്യ ഏജൻസികൾ മുഖേന സംഭരണം നടത്താറുണ്ടോ ; വിശദമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ) :

(എ) ആഭ്യന്തരമായി ഉത്പാദിപ്പിക്കപ്പെടുന്ന പച്ചക്കറികൾ ഹോർട്ടികോർപ്പ് മുഖേന സംഭരിക്കുന്നുണ്ട്. കൂടാതെ കൃഷി വകുപ്പിന്റെ കാർഷിക മൊത്ത വ്യാപാര വിപണികൾ, ജില്ലാതല സംഭരണ വിതരണ കേന്ദ്രങ്ങൾ, പച്ചക്കറി വികസന പദ്ധതിയുമായി ബന്ധപ്പെട്ട ക്ലസ്റ്ററുകൾ, വിവിധ മാർക്കറ്റുകൾ എന്നിവയിലൂടെയും കർഷകർ ഉത്പാദിപ്പിക്കുന്ന പച്ചക്കറികൾ സംഭരിക്കുന്നുണ്ട്.

(ബി) കർഷകർ നേരിട്ട് ഹോർട്ടികോർപ്പിന്റെ ജില്ലാ സംഭരണ വിതരണ കേന്ദ്രങ്ങളിൽ എത്തിക്കുന്ന മുഴുവൻ പച്ചക്കറികളും ഹോർട്ടികോർപ്പ് സംഭരിക്കുന്നുണ്ട്. എന്നാൽ കൃഷി വകുപ്പിന്റെ മൊത്ത വ്യാപാര വിപണികൾ, ജില്ലാതല സംഭരണ വിതരണ കേന്ദ്രങ്ങൾ എന്നിവയിൽ സംഭരിക്കപ്പെടുന്ന പച്ചക്കറികൾ പൂർണ്ണമായും സംഭരിക്കുവാൻ ചില അവസരങ്ങളിൽ സാധിക്കുന്നില്ല. പൊതുവിപണിയിലെ ആവശ്യകത, ഉത്പന്നങ്ങളുടെ ഇനം, ഗുണനിലവാരം, ഒരേ ഉത്പന്നങ്ങളുടെ അധിക ഉത്പാദനം എന്നിവ സംഭരണ പ്രക്രിയയെ സ്വാധീനിക്കുന്നുണ്ട്.

(സി) സംസ്ഥാനത്ത് പച്ചക്കറി സംഭരിച്ച ഇനത്തിൽ കർഷകർ, കാർഷികമൊത്ത വ്യാപാര വിപണികൾ, കർഷക സംഘങ്ങൾ, സ്വാശ്രയ കർഷക വിപണികൾ തുടങ്ങിയവയ്ക്ക് 94,38,961 രൂപ 77 പൈസ ഹോർട്ടികോർപ്പ് നൽകാനുണ്ട്.

(ഡി) കൃഷി വകുപ്പിന്റെ അധീനതയിലുള്ള കാർഷിക മൊത്ത വ്യാപാര വിപണികൾ, ജില്ലാതല സംഭരണ വിതരണ കേന്ദ്രങ്ങൾ, പച്ചക്കറി വികസന പദ്ധതിയുടെ ക്ലസ്റ്ററുകൾ എന്നിവയിൽ സ്വകാര്യ ഏജൻസികൾ മുഖേന സംഭരണം നടത്തുന്നില്ല. കർഷകർ അവരുടെ ഉത്പന്നങ്ങൾ നേരിട്ട് സംഭരണ കേന്ദ്രങ്ങളിൽ എത്തിച്ച് ലേലത്തിലൂടെ വിപണനം നടത്തുകയാണ് ചെയ്യുന്നത്.

ഹോർട്ടികോർപ്പ്, സംസ്ഥാനത്തെ കർഷകർ, കർഷക സംഘങ്ങൾ, വി.എഫ്.പി.സി.കെ., കാർഷിക മൊത്ത വ്യാപാര വിപണികൾ എന്നിവിടങ്ങളിൽനിന്നെല്ലാം ന്യായവില നൽകി നേരിട്ട് സംഭരിച്ച് വിപണനം നടത്തി വരുന്നു. കേരളത്തിൽ ലഭ്യമല്ലാത്ത പച്ചക്കറികൾ അയൽ സംസ്ഥാനങ്ങളിലെ കർഷകരിൽനിന്നും നേരിട്ടും ഏജൻസികൾ മുഖേനയും സംഭരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly